കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

---

പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2019 ഏപ്രിൽ 09 ചൊവ്വ

---

# മാതൃക പോളിങ് ബൂത്തുകളുടെ വിവരം 11നകം നൽകണമെന്ന് ജില്ല കളക്ടർ

ആലപ്പുഴ :ജില്ലയിലെ രണ്ട് ലോകസഭ മണ്ഡലങ്ങളിലെയും മാതൃക പോളിങ് സ്റ്റേഷനുകൾ ,സ്ത്രീ സൗഹൃദ പിങ്ക് പോളിങ് ബൂത്തുകൾ എന്നിവയുടെ വിശദാംശങ്ങൾ ഏപ്രിൽ 11 നകം വരണാധികാരിയായ ജില്ല കളക്ടർക്ക് കൈമാറണമെന്ന് ജില്ല കളക്ടർ എസ്.സുഹാസ് നിർദേശിച്ചു. ജില്ലയിലെ രണ്ടു പാർലമെന്റ് നിയോജക മണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ വിലയിരുത്താനായി വിളിച്ചുചേർത്ത യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പോളിംഗ് ബൂത്തുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തണം .ഭിന്നശേഷിക്കാർ ,വികലാംഗർ തുടങ്ങിയവർക്ക് വോട്ടു ചെയ്യാൻ ആവശ്യമായ വാഹന സൗകര്യം അടക്കമുള്ളവ ഉറപ്പാക്കണം. വോട്ടിംഗ് യന്ത്രങ്ങൾ സുരക്ഷിതമായി സൂക്ഷിക്കാനുള്ള സ്ട്രോങ്ങ് റൂം സൗകര്യങ്ങൾ ഉറപ്പാക്കി വിവരം കൈമാറണം .പോസ്റ്റൽ ബാലറ്റുകൾ കൃത്യമായി കൈമാറുവാൻ പ്രത്യേക ഉദ്യോഗസ്ഥ സംഘത്തെ നിയോഗിക്കുക തുടങ്ങിയവയും ജില്ല തിരഞ്ഞെടുപ്പ് ഓഫീസറായ ജില്ല കളക്ടർ നിർദേശിച്ചിട്ടുണ്ട്. പോളിങ് ഉദ്യോഗസ്ഥർക്കുള്ള രണ്ടാംഘട്ട പരിശീലനം ഏപ്രിൽ 11,12,16,17 തീയതികളിൽ നടക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

ആലപ്പുഴ ,മാവേലിക്കര പാർലമെന്റ് മണ്ഡലങ്ങളിലെ നിയോജക മണ്ഡലം തലത്തിൽ തിരഞ്ഞെടുപ്പ് ചുമതല വഹിക്കുന്ന ഉപ വരണാധികാരികൾ ,ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർമാർ എന്നിവരുടെ യോഗമാണ് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്നത് .ആലപ്പുഴ മണ്ഡലത്തിലെ തിരഞ്ഞെടുപ്പ് നിരീക്ഷകനായ ബന്ധർ ബെഹ്റ ,മാവേലിക്കര മണ്ഡലം നിരീക്ഷകൻ വികാസ് യാദവ് എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു യോഗം. ജില്ല പോലീസ് മേധാവി കെ.എം. ടോമി ,സബ് കളക്ടർ വി.ആർ. കൃഷ്ണതേജ എന്നിവരും യോഗത്തിൽ പങ്കെടുത്തു .ജില്ലയിലെ രണ്ട് മണ്ഡലങ്ങളിലെയും തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ പുരോഗതി മികവുറ്റ രീതിയിലാണ് മുന്നോട്ട് പോകുന്നതെന്ന് ഇരു നിരീക്ഷകരും വിലയിരുത്തി .

# പോസ്റ്റൽ ബാലറ്റ് മാർഗനിർദേശങ്ങളായി

ആലപ്പുഴ :ലോകസഭ തിരഞ്ഞെടുപ്പ ിലെ പോസ്റ്റൽ ബാലറ്റ്, തിരഞ്ഞെടുപ്പ് ഡ്യൂട്ടി സർട്ടിഫിക്കറ്റ് വിതരണം എന്നിവ സംബന്ധിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പാക്കാൻ ജില്ല

തിരഞ്ഞെടുപ്പ് ഓഫീസറായ ജില്ല കളക്ടറെയും നോഡൽ ഓഫീസറേയും ചുമതലപ്പെടുത്തി.

സർവീസ് വോട്ടർമാരെ കൂടാതെ തിരഞ്ഞെടുപ്പ് ജോലിക്കായി നിയോഗിക്കപ്പെട്ട പോലീസ്, ഫയർഫോഴ്സ്, ഹോം ഗാർഡ് ഉദ്യോഗസ്ഥർക്ക് പോസ്റ്റൽ ബാലറ്റ് അല്ലെങ്കിൽ തിരഞ്ഞെടുപ്പ് ഡ്യൂട്ടി സർട്ടിഫിക്കറ്റിന് അർഹതയുണ്ട്. സ്വന്തം പാർലമെന്റ് മണ്ഡലത്തിനുള്ളിൽ തിരഞ്ഞെടുപ്പ് ജോലി കിട്ടിയവർക്ക് തിരഞ്ഞെടുപ്പ് ഡ്യൂട്ടി സർട്ടിഫിക്കറ്റും മറ്റുള്ളവർക്ക് പോസ്റ്റൽ ബാലറ്റുമാണ് നൽകേണ്ടത്.

പരിശീലന കേന്ദ്രങ്ങളിലും ഏപ്രിൽ 22ന് വിതരണ കേന്ദ്രങ്ങളിലും പോസ്റ്റൽ ബാലറ്റ് ലഭിച്ച പോളിംഗ് ഉദ്യോഗസ്ഥർക്കായി സഹായ കേന്ദ്രത്തിൽ ഒരു പോളിംഗ് കേന്ദ്രവും ഒരുക്കണം. വോട്ടർ സഹായ കേന്ദ്രങ്ങളെകുറിച്ചും പരിശീലന-വിതരണ കേന്ദ്രങ്ങളിൽ പോളിംഗ് ഉദ്യോഗസ്ഥർക്ക് വോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനെകുറിച്ചും രാഷ്ട്രീയ പാർട്ടികളെ രേഖാമൂലം അറിയിക്കണം.
ഓരോ വരണാധികാരിയും അവർക്ക് ലഭിക്കുന്ന പോസ്റ്റൽ ബാലറ്റുകൾ അടങ്ങിയ കവറുകൾ പ്രത്യേകം തയ്യാറാക്കിയ സംരക്ഷണ മുറിയിൽ സൂക്ഷിക്കേണ്ടതാണ്. പോസ്റ്റൽ ബാലറ്റ് ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് രഹസ്യ സ്വഭാവം നഷ്ടപ്പെടാതെ വോട്ട് ചെയ്യാൻ വേണ്ട സൗകര്യം ഉറപ്പ് വരുത്തേണ്ടതാണ്. പോസ്റ്റൽ ബാലറ്റ് വോട്ടിംഗ് സംബന്ധിച്ച മുഴുവൻ നടപടിക്രമങ്ങളും വീഡിയോഗ്രാഫി ചെയ്യണമെന്നും കമ്മിഷൻ നിർദേശിച്ചു.

വിതരണ കേന്ദ്രത്തിൽ വിതരണം ചെയ്യാൻ കഴിയാതെ വരുന്ന പോസ്റ്റൽ ബാലറ്റുകൾ അന്നേ ദിവസം ഉച്ചയ്ക്ക് രണ്ടിനു ശേഷം രജിസ്റ്റേർഡ് തപാലായി അയക്കണം. പരിശീലന വേളയിലല്ലാതെ തപാൽ മാർഗ്ഗമോ നേരിട്ടോ അപേക്ഷ സമർപിക്കുന്നവർക്ക് പോസ്റ്റൽ ബാലറ്റ് തപാൽ മാർഗം അയച്ചു കൊടുക്കണമെന്നും നിർദേശമുണ്ട്.

## പെണ്ണോട്ട്... നല്ലോട്ട്... മുന്നോട്ട്

ആലപ്പുഴ: ലോക്സഭാ തിരഞ്ഞെടുപ്പിൽ സ്ത്രീ സമ്മതിദായകരുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ചേർത്തല നിയമസഭ മണ്ഡലം സ്വീപ്പ് ടീം ആവിഷ്ക്കരിച്ചിരിക്കുന്ന പെണ്ണോട്ട് , നല്ലോട്ട്, മുന്നോട്ട് എന്ന പരിപാടി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ നടന്നു. കുടുംബശ്രീ സി.ഡി.എസ്, ഏ.ഡി.എസ് ഭാരവാഹികൾ, തൊഴിലുറപ്പു തൊഴിലാളികൾ, വനിത സ്വയം സഹായസംഘം അംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചാണ് ഈ പരിപാടി നടത്തുന്നത്. തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്യേണ്ടതിന്റെ പ്രധാന്യം വിശദീകരിക്കുന്ന പ്രഭാഷണം, തിരഞ്ഞെടുപ്പ് ക്വിസ്, തിരഞ്ഞെടുപ്പ് പ്രതിജ്ഞ , ഇ.വി.എം.- വി.വി.പാറ്റ് പ്രവർത്തനം പരിചയപ്പെടുത്തൽ എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## യാത്രക്കാരുടെ ശ്രദ്ധയ്ക്ക്...

ആലപ്പുഴ: നൂറിൽ നൂറ് ആലപ്പുഴ എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന സമ്മതിദായക ബോധവത്ക്കരണ പരിപാടിയായ സ്വീപിൽ ഇലക്ട്രോണിക്ക് വോട്ടിംഗ് മെഷീൻ പ്രവർത്തനം പരിചയപ്പടുത്താൻ ചേർത്തല ബസ്സ് സ്റ്റേഷനിൽ പ്രത്യേക കൗണ്ടർ തുടങ്ങി. വിവിധ സ്ഥലങ്ങളിലേയ്ക്ക് യാത്രയ്ക്കായി ഇവിടെ എത്തുന്നവർ ഈ സേവനം പ്രയോജനപ്പെടുത്തണമെന്ന ഉച്ചഭാണിനിയിലൂടെയുള്ള അഭ്യർഥന യാത്രക്കാർക്ക് കൗതുകമായി. സ്വീപ് പരിപാടിയ്ക്കായി തയ്യാറാക്കിയ സ്റ്റാളിൽ

എത്തിയ യാത്രക്കാർക്ക് സ്വീപ് ടീമംഗങ്ങൾ ഇലക്ട്രോണിക്ക് വോട്ടിംഗ് മെഷീൻ, വി.വി.പാറ്റ് എന്നിവയുടെ പ്രവർത്തനം വിശദീകരിച്ചു.

## അനധികൃത ബോർഡ് നീക്കൽ: പൊതുജനങ്ങൾക്ക് പരാതികൾ അറിയിക്കാം

ആലപ്പുഴ: ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നഗരസഭ പരിധിയിലുള്ള അനധികൃത ബോർഡുകൾ, ബാനറുകൾ, ഹോർഡിങ്ങുകൾ, കൊടികൾ എന്നിവ നീക്കുന്നത് വിലയിരുത്താനുള്ള നോഡൽ ഓഫീസറായി കൊല്ലം നഗരകാര്യ വകുപ്പിലെ റീജിയണൽ ജോയിൻറ് ഡയറക്ടറെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലെ ചുമതലയാണ് നൽകിയിട്ടുള്ളത്. കൊല്ലം നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർ ഇൻ ചാർജ് വി.ആർ. രാജുവാണ് നോഡൽ ഓഫീസർ. (ഫോൺ: 0474 2748812, മൊബൈൽ/വാട്ട്സ്ആപ്പ്: 9447413433, ഇ-മെയിൽ: duarklm@gmail.com. കെ.സി. അശോക് കുമാർ (സീനിയർ സൂപ്രണ്ട്) ഫോൺ: 8289892896, വി.ജി. അജയ് (ജൂനിയർ സൂപ്രണ്ട്) ഫോൺ: 9400516953 എന്നിവരാണ് അസിസ്റ്റൻറ് നോഡൽ ഓഫീസർമാർ. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച ആക്ഷേപങ്ങളും പരാതികളും നോഡൽ ഓഫീസർക്ക് നൽകാം.

## ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കണം

ആലപ്പുഴ: സംസ്ഥാന അസംഘടിത (വിരമിച്ച) തൊഴിലാളി പെൻഷൻ പദ്ധതി പ്രകാരം (കൈതൊഴിലാളി വിദഗ്ദ്ധ തൊഴിലാളി) ജില്ല ലേബർ ഓഫീസിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ലൈഫ് സർട്ടിഫിക്കറ്റ് (ആധാറിന്റെ പകർപ്പും ടെലിഫോൺ നമ്പറും സഹിതം) ശവക്കോട്ടപ്പാലത്തിനു സമീപം സുഗതൻ മെമ്മോറിയൽ ബിൽഡിങ്ങിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ ഹാജരാക്കണം. ഫോൺ:0477 – 2241455

## അനധികൃത ചിട്ടി: ജാഗ്രത വേണം

ആലപ്പുഴ:കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ വിജ്ഞാപനപ്രകാരം കേന്ദ്ര ചിട്ടി നിയമം 1982 കേരളത്തിലും പ്രാബല്യത്തിലുണ്ടെന്നും അനധികൃത ചിട്ടികൾ നടത്തുന്നവർക്കെതിരെ ജാഗ്രത പാലിക്കണമെന്നും ജില്ല രജിസ്ട്രാർ മുന്നറിയിപ്പു നൽകി. കേന്ദ്ര ചിട്ടി നിയമപ്രകാരം അനുമതികൂടാതെ ചിട്ടി തുടങ്ങുന്നതിനുള്ള ലഘുലേഖകളോ പരസ്യങ്ങളോ നോട്ടീസോ മറ്റേതെങ്കിലും രേഖകളോ പുറപ്പെടുവിക്കരുത്. എന്നാൽ ജില്ലയിലെ ചില സ്വകാര്യ ചിട്ടി കമ്പനികൾ ഇപ്രകാരം അനുമതിയില്ലാതെ മോഹനവാഗ്ദാനങ്ങൾ നൽകി പത്രമാധ്യമങ്ങളിൽ പരസ്യങ്ങൾ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് കേന്ദ്ര ചിട്ടി നിയമങ്ങൾക്ക് വിരുദ്ധമാണ്. സർക്കാർ അനുമതി കൂടാതെയുള്ള ഇത്തരം ചിട്ടികളിൽ പ്രലോഭിതരായി ജനങ്ങൾ വഞ്ചിതരാവരുത്. വ്യാജച്ചിട്ടികളെ കുറിച്ചുള്ള വിവരങ്ങൾ ആലപ്പുഴ ഡപ്യൂട്ടി രജിസ്ട്രാറെ രേഖാമൂലം അറിയിക്കാവുന്നതാണെന്നും ജില്ല രജിസ്ട്രാർ അറിയിച്ചു. ബന്ധപ്പെടേണ്ട വിലാസം: ജില്ല രജിസ്ട്രാർ ഓഫീസ് ഹെഡ് .പി.ഒ , ആലപ്പുഴ

688001.ഫോൺ:0477-2253257.

കേന്ദ്ര ചിട്ടി നിയമത്തിന് അനുബന്ധമായി കേരള ചിറ്റ് ഫണ്ട്സ് റൂൾ 2012 സർക്കാർ ഉത്തരവ് പ്രകാരം കേരളത്തിൽ നിലവിലുണ്ട്. കേരളത്തിലെ ചിട്ടികളുടെയെല്ലാം തുടർപ്രവർത്തനങ്ങൾ ഈ നിയമത്തിന് വിധേയമാണ്. 1982ലെ കേന്ദ്ര ചിട്ടി നിയമത്തിനു കീഴിൽ പ്രവർത്തിക്കുന്ന സ്വകാര്യ ചിട്ടി കമ്പനികൾക്ക് മാത്രമാണ് ചിട്ടി നടത്തുന്നതിനുള്ള മുൻകൂർ അനുമതി. ഈ കമ്പനികൾ നടത്തുന്ന ചിട്ടികളുടെ വിശദവിവരങ്ങൾ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും വില്ലേജ്, പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ ഓഫീസുകളിലും സഹകരണസംഘങ്ങളുടെ ഓഫീസിലും പ്രദർശിപ്പിച്ചിട്ടുള്ളതാണെന്നും ജില്ല രജിസ്ട്രാർ അറിയിച്ചു.